കുടുംബശ്രീ രജതജൂബിലി ആഘോഷ സമാപനത്തിന്റെ ഭാഗമായി തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ എത്തിയവർ

ദ കുടുംബശ്രീ സ്റ്റോറി

25 വർഷം പൂർത്തിയാക്കിയ കേരളത്തിന്റെ സ്വന്തം ശ്രീ

സ്വന്തം ലേഖിക
തിരുവനന്തപുരം

ദാരിദ്ര്യനിർമാർജന രംഗത്തെ 'കേരള മോഡൽ', സ്ത്രീശാക്തീകരണത്തിന്റെ 'റിയൽ സ്റ്റോറി'– സംസ്ഥാനത്തിന്റെ സ്വന്തം കുടുംബശ്രീ 25 വർഷം പൂർത്തിയാക്കി മുന്നോട്ട്. ചുവരുകൾക്കുള്ളിൽ ഒതുങ്ങിയ സാധാരണക്കാരായ സ്ത്രീകൾക്ക് ലോകം കാണിച്ചുകൊടുത്ത ചരിത്രവും കുടുംബശ്രീക്കുണ്ട്. ആ വെളിച്ചത്തിൽ നടന്ന് ജീവിതവിജയം നേടിയ ലക്ഷക്കണക്കിന് വനിതകൾ നമുക്ക് ചുറ്റുമുണ്ട്.

കേവല ദാരിദ്ര്യനിർമാർജനത്തിനായി 1998ൽ ഇ കെ നായനാർ സർക്കാർ രൂപം കൊടുത്ത നവീന ദാരിദ്ര്യ നിർമാർജന പദ്ധതിയാണ് കുടുംബശ്രീ അഥവാ കേരള സംസ്ഥാന ദാരിദ്ര്യ നിർമാർജന ദൗത്യം. 1997ൽ ആരംഭിച്ച ജനകീയാസൂത്രണ പദ്ധതിയുടെ പശ്ചാത്തലത്തിൽ എസ് എം വിജയാനന്ദ്, സംസ്ഥാന ആസൂത്രണ കമീഷനംഗം ടി എം തോമസ് ഐസക്, ഡോ. പ്രകാശ് ബക്ഷി എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് കുടുംബശ്രീ രൂപകൽപ്പന ചെയ്തത്.

അയൽക്കൂട്ടങ്ങൾ, എഡിഎസ്, സിഡിഎസ് എന്നിങ്ങനെ ത്രിതല സംഘടനാ സംവിധാനത്തിലൂടെ പ്രവർത്തിക്കുന്നു കുടുംബശ്രീ. 1070 സിഡിഎസുകളും 19,470 എഡിഎസുകളും കരുത്തുപകരുന്ന കുടുംബശ്രീയിൽ 3,09,667 അയൽക്കൂട്ടങ്ങളിലായി 46,16,837 അംഗങ്ങളുണ്ട്. കൂടാതെ, 25,992 വയോജന അയൽക്കൂട്ടങ്ങളിലായി 2,83,615 പേരും ഭിന്നശേഷിയുള്ളവർക്ക് പിന്തുണ നൽകുന്നതിനായുള്ള 3352 അയൽക്കൂട്ടങ്ങളിലായി 32,860 പേരും ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള 48 അയൽക്കൂട്ടങ്ങളിലായി 550 പേരും അംഗങ്ങളാണ്. 18 മുതൽ 40 വയസ്സുവരെ പ്രായമുള്ള സ്ത്രീകൾക്കായി 19,544 ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിച്ചതിൽ 3,06,692 പേരും അംഗങ്ങളാണ്.

പ്രാദേശിക സാമ്പത്തിക വികസനം, കാർഷിക മേഖല, ഭക്ഷ്യസുരക്ഷ, തൊഴിൽ പങ്കാളിത്തം, സാമൂഹ്യനീതി, പാർശ്വവൽക്കരിക്കപ്പെട്ടവരുടെ മുഖ്യധാരാവൽക്കരണം തുടങ്ങി എല്ലാ വികസന മേഖലകളിലും പ്രധാന പ്രവർത്തന ഏജൻസിയായും ശക്തി സ്രോതസ്സായും കുടുംബശ്രീ നിലനിൽക്കുന്നു.

കുടുംബശ്രീക്ക് ഇനിയും വളരാനുള്ള സാഹചര്യമുണ്ട്: സുഭാഷിണി അലി

'സ്ത്രീ കൂട്ടായ്മകൾ പ്രവർത്തനക്ഷമമാക്കൽ: സാമൂഹിക കാഴ്ചപ്പാടും നിയമ സംവിധാനങ്ങളും' എന്ന പാനൽ ചർച്ചയിൽ സിപിഐ എം പൊളിറ്റ് ബ്യൂറോ അംഗം സുഭാഷിണി അലി സംസാരിക്കുന്നു

തിരുവനന്തപുരം

കുടുംബശ്രീ പോലൊരു പ്രസ്ഥാനത്തിന് വളരാൻ പ്രത്യേക സാമൂഹിക, രാഷ്ട്രീയ സാഹചര്യം ആവശ്യമാണെന്ന് സിപിഐ എം പൊളിറ്റ് ബ്യൂറോ അംഗം സുഭാഷിണി അലി.

കേരളത്തിൽ ആ സാഹചര്യമുണ്ടായിരുന്നു എന്നതാണ് ഈ വളർച്ചയ്ക്ക് കാരണം. എല്ലാ കാലത്തും സ്വാതന്ത്ര്യം അനുഭവിച്ചവരും ശാക്തീകരിക്കപ്പെട്ടവരുമല്ല കേരളത്തിലെ സ്ത്രീസമൂഹം. കാലങ്ങളായി മികച്ച സാമൂഹിക, രാഷ്ട്രീയ സാഹചര്യം രൂപപ്പെടുത്തിയതാണ് ഈ മാറ്റമെന്നും അവർ പറഞ്ഞു. 'സ്ത്രീകൂട്ടായ്മകൾ പ്രവർത്തനക്ഷമമാക്കൽ: സാമൂഹിക കാഴ്ചപ്പാടും നിയമസംവിധാനങ്ങളും' എന്ന പാനൽ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അവർ.

കേരളമൊഴികെയുള്ള സംസ്ഥാനങ്ങളിൽ ഇന്നും സാഹചര്യം മാറിയിട്ടില്ല. കേരളത്തിൽ അയൽക്കൂട്ടങ്ങളിൽ ചേരാൻ ആഗ്രഹിക്കുന്ന ഒരാൾക്ക് അയാളുടെ ജാതി, മത, സാമ്പത്തിക വ്യത്യാസങ്ങൾ തടസമാകില്ല. എന്നാൽ മറ്റിടങ്ങളിൽ ഇതല്ല സാഹചര്യം–സുഭാഷിണി അലി പറഞ്ഞു. ഏറ്റവും ദാരിദ്ര്യം അനുഭവിക്കുന്ന സ്ത്രീയെയും സമൂഹത്തിന്റെ മുൻനിരയിൽ എത്തിക്കാൻ കഴിയണമെന്നും അവർ പറഞ്ഞു.

സംസ്ഥാന വനിതാ കമീഷൻ അധ്യക്ഷ പി സതീദേവി, സ്മിതാ ബെൻ ഭട്നാഗർ, കെ സി രാജേശ്വരി, സി എസ് ശ്രീജ, ബേബി ബാലകൃഷ്ണൻരതി മാറത്ത് തുടങ്ങിയവരും സംസാരിച്ചു.

50 രാജ്യം സന്ദർശിക്കുക ലക്ഷ്യം: മോഹന വിജയൻ

തിരുവനന്തപുരം

'50 രാജ്യമെങ്കിലും സന്ദർശിക്കണമെന്ന ചേട്ടന്റെ ആഗ്രഹം ഞാൻ സഫലമാക്കും. അതിനുള്ള പ്രയത്നത്തിലാണ്' വിജയൻ ചേട്ടന്റെ ഇല്ലായ്മ കണ്ണ് നനയിച്ചെങ്കിലും ലോകം ചുറ്റൽ തുടരുമെന്ന് ആത്മവിശ്വാസത്തോടെ മോഹന പറഞ്ഞു. ഇതുവരെ 26 രാജ്യം ഭർത്താവ് വിജയനൊപ്പം മോഹന സന്ദർശിച്ചു. 2021ലാണ് വിജയൻ അന്തരിച്ചത്. ജപ്പാനെന്ന ആഗ്രഹം ബാക്കിവച്ചായിരുന്നു അത്.

മോഹന വിജയൻ

'ഔദ്യോഗിക ചട്ടക്കൂടുകൾക്കപ്പുറം സ്വജീവിതം പൂർണമായി കണ്ടെത്തൽ' പാനൽ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അവർ. കുട്ടിക്കാലത്ത് ഒരു സിനിമപ്പാട്ടുപോലും പോകാൻ കഴിയാത്ത വിഷമം ഭർത്താവിനൊപ്പം യാത്ര ചെയ്താണ് ഇല്ലാതാക്കിയതെന്നും മോഹന പറഞ്ഞു. ഉറച്ച തീരുമാനവും തളരാത്ത മനസും ഉണ്ടെങ്കിൽ ലോകം കീഴക്കാമെന്നാണ് മോഹന വിജയന്റെ പക്ഷം. കടവന്ത്ര ഗാന്ധിനഗറിലെ ശ്രീ ബാലാജി കോഫി ഹൗസ് ഇപ്പോളും മോഹനപ്പള്ള യാത്രാച്ചെലവ് സ്വരൂപിച്ചുനൽകുന്നുമുണ്ട്.

രാഷ്ട്രീയത്തിലും നിയമനിർമാണത്തിലും പങ്കാളിത്തം ഉറപ്പിക്കാൻ സ്ത്രീകൾ തന്നെ മുന്നിട്ടിറങ്ങണമെന്നും പുരുഷാധിപത്യകാലത്ത് സംവരണം അത്യാവശ്യമാണെന്നും മുൻ എംപി സി എസ് സുജാത പറഞ്ഞു. ഡോ. ഖദീജ മുംതാസ്, അനിത തമ്പി, സോണിയ ഗിരി, പി ബ്രിജീന, എം വി പത്മിനി എന്നിവരും സംസാരിച്ചു.

സിഡിഎസ് ഐഷബീ, 24 വയസ്സ്

സ്വന്തം ലേഖിക
തിരുവനന്തപുരം

പൊന്നാനി സിഡിഎസ് ചെയർപേഴ്സൺ ഐഷബീയെ വേദിയിലേക്ക് ക്ഷണിച്ചപ്പോൾ ഒരു ഇരുപത്തിനാലുകാരിയെ ആരും പ്രതീക്ഷിച്ചില്ല. ചുറുചുറുക്കോടെ നിറചിരിയുമായി ഐഷബീ വേദിയിലേക്ക്. 'കുടുംബശ്രീയിലെ ഏറ്റവും പ്രായം കുറഞ്ഞ സിഡിഎസ് ചെയർപേഴ്സണാണ് ഐഷ'– അവതാരക ഇത് പറഞ്ഞപ്പോഴേക്കും വേദിയിൽ കൈയടിയുടെ മേളം.

കുടുംബശ്രീയുടെ ചരിത്രം പറയുന്ന 'അയലുറവുകൾ: ഒരു കുടുംബശ്രീ യാത്ര' പുസ്തകപ്രകാശനത്തിലാണ് ഐഷബീയും കൈയടി നേടിയത്.

കുടുംബശ്രീ ചീഫ് ഓപ്പറേറ്റിങ് ഓഫീസർ സജിത് സുകുമാരൻ എഴുതിയ പുസ്തകം തദ്ദേശവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദ മുരളീധരനിൽനിന്ന് ഐഷബീ ഏറ്റുവാങ്ങി.

കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ ചീഫ് ഓപ്പറേറ്റിങ് ഓഫീസർ സജിത് സുകുമാരൻ രചിച്ച 'അയലുറവുകൾ ഒരു കുടുംബശ്രീ യാത്ര' പുസ്തകത്തിന്റെ ആദ്യ കോപ്പി ശാരദ മുരളീധരനിൽനിന്ന് ഐഷബീ ഏറ്റുവാങ്ങുന്നു

കുടുംബശ്രീയുടെ നേതൃത്വത്തിൽ നടക്കുന്ന മൂന്നുദിവസത്തെ പരിപാടിയിൽ ആയിരക്കണക്കിന് അംഗങ്ങളാണ് പങ്കെടുക്കുന്നത്. ബുധനാഴ്ച ഔദ്യോഗിക ഉദ്ഘാടന ചടങ്ങിൽ കുടുംബശ്രീ കുടുംബത്തിലെ ഏറ്റവും മുതിർന്ന അംഗം എഴുപത്താറുകാരിയായ കെ വാസന്തി സ്വാഗതം പറയും.

ആയിരങ്ങളെ ഊട്ടി ഐഫ്രാം

തിരുവനന്തപുരം

ബുധനാഴ്ച സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നെത്തുന്ന മൂവായിരത്തോളം വരുന്ന കുടുംബശ്രീ കുടുംബാംഗങ്ങൾക്ക് ഉച്ചഭക്ഷണം ഒരുക്കാനുള്ള തയ്യാറെടുപ്പിലാണ് ഐഫ്രാം. കുടുംബശ്രീ പ്രവർത്തകരുടെ ഈ സംരംഭം ഇന്ന് കേരളത്തിനകത്തും പുറത്തും പരിപാടികളിൽ കാറ്ററിങ് ചുമതല വഹിക്കുന്നു.

പുത്തരിക്കണ്ടം മൈതാനിയിൽ തിങ്കൾമുതൽ ഐഫ്രാമാണ് ഭക്ഷണവിതരണം. 80 പേരടങ്ങിയ കുടുംബശ്രീ സംഘമാണ് പാചകത്തിന് ചുക്കാൻ പിടിച്ചത്. 50 പേർ സർവീസിനുമുണ്ട്. കൊല്ലം ആശ്രാമം മൈതാനിയിൽ കുക്ക് ഫെസ്റ്റിവൽ നടത്തിയശേഷമാണ് ഐഫ്രാം ഇവിടെയെത്തിയത്. ഒരേസമയം 8000വരെ ആളുകൾക്ക് ഭക്ഷണം നൽകാൻ ഐഫ്രാമിന് കഴിയും. പ്രഭാതഭക്ഷണംമുതൽ ആയിരങ്ങളാണ് ഐഫ്രാമിന്റെ രുചിയറിയുന്നത്.

കുടുംബശ്രീ രജതജൂബിലി ആഘോഷങ്ങളുടെ വേദിയിൽ ഐഫ്രാം കാറ്ററേഴ്സ് ഒരുക്കിയ ഭക്ഷണശാല

ജീവിതത്തിലെ അത്ഭുതമാണിത്: എം ടി

തിരൂർ

തുഞ്ചന്റെ മണ്ണിൽനിന്ന് ആദരവ് ഏറ്റുവാങ്ങാൻ കഴിഞ്ഞത് ജീവിതത്തിൽ സംഭവിച്ച നിമിത്തമാണെന്ന് എം ടി വാസുദേവൻ നായർ പറഞ്ഞു. വലിയ അത്ഭുതമാണിത്. ഇതിന് മുൻകൈയെടുത്തവർക്ക് കൃതജ്ഞത രേഖപ്പെടുത്തുന്നു. ഇവരുടെ കൃതജ്ഞത കൊണ്ടാണ് ഞാൻ നിലനിൽക്കുന്നത്. ഭാഷാപിതാവിന്റെയും സ്ഥാപനത്തിന്റെയും സാംസ്കാരികമായ ഇടപാടുകളുടെ പേരിൽ നാം സജീവമായി നിലനിൽക്കുമെന്ന് ഓർമിപ്പിക്കുന്നുവെന്നും എം ടി പറഞ്ഞു.

വിവാഹിതരായി

കാഞ്ഞിരപ്പള്ളി ചേനപ്പാടി തുമ്പയിൽ ടി പി രാധാകൃഷ്ണന്റെയും തങ്കമണിയുടെയും മകൻ അമൽ കൃഷ്ണനും (സബ് എഡിറ്റർ, ദേശാഭിമാനി തിരുവനന്തപുരം) കൊട്ടാരക്കര മുട്ടറ ലക്ഷ്മിഭവനിൽ പരേതനായ രാമചന്ദ്രൻപിള്ളയുടെയും ഇന്ദിരാദേവിയമ്മയുടെയും മകൾ രമ്യ രാമചന്ദ്രനും (യൂണിവേഴ്സിറ്റി അസിസ്റ്റന്റ്, കേരള യൂണിവേഴ്സിറ്റി) വിവാഹിതരായി

കേന്ദ്ര സാഹിത്യ അക്കാദമി പ്രദേശിക ഉപസമിതി അംഗങ്ങൾ ചുമതലയേറ്റു

യുവ എഴുത്തുകാരുടെ ആദ്യപുസ്തകം പ്രസിദ്ധീകരിക്കും

കൊച്ചി

40 വയസ്സിനുതാഴെയുള്ള എഴുത്തുകാരുടെ ആദ്യപുസ്തകം 'നവോദയ' സ്കീംവഴി പ്രസിദ്ധീകരിക്കാൻ കേന്ദ്ര സാഹിത്യ അക്കാദമി തീരുമാനം. ഇതര സംസ്ഥാനങ്ങളുടെ സാംസ്കാരിക വൈവിധ്യം നേരിട്ടറിയാൻ ട്രാവൽ ഗ്രാന്റും നൽകും. അക്കാദമി പ്രാദേശിക ഉപസമിതി അംഗങ്ങളുടെ ആദ്യയോഗത്തിലാണ് തീരുമാനം.

ഒരുവർഷത്തെ പദ്ധതി രൂപരേഖയും തയ്യാറാക്കി. ഗ്രാമീണ മേഖലയിലെ സാഹിത്യ പ്രതിഭകളെ പ്രോത്സാഹിപ്പിക്കാൻ 'ഗ്രാമലോക്' പദ്ധതി നടപ്പാക്കും. എഴുത്തുകാരുടെ ജന്മശതാബ്ദി ആഘോഷം, അന്തരിച്ച എഴുത്തുകാരുടെ സാഹിത്യ സംഭാവനകളെ വിലയിരുത്തൽ, സെമിനാർ, സിമ്പോസിയം, മുഖാമുഖം, എഴുത്തുകാരികളുടെ പ്രതിഭാസംഗമം, കവിയരങ്ങ്, കഥയരങ്ങ്, പ്രവാസിസാഹിത്യക്കൂട്ടായ്മ തുടങ്ങിയവ സംഘടിപ്പിക്കും. അന്തരിച്ച എഴുത്തുകാരെക്കുറിച്ചുള്ള ഓർമപ്പുസ്തകങ്ങളുടെയും മലയാളസാഹിത്യത്തെ ഇതര ഭാഷകളിലേക്ക് പരിചയപ്പെടുത്തുന്ന പുസ്തകങ്ങളുടെയും പ്രസിദ്ധീകരണം വേഗത്തിലാക്കും. ഉപസമിതി കൺവീനർ കെ പി രാമനുണ്ണി അധ്യക്ഷനായി.